അടൂർ ശാഖ

കുടുംബ സ്ഥാപകനായ ഇടിച്ചാണ്ടിയുടെ പ്രഥമ പുത്രൻ ചെറിയാച്ച ന്റെ മൂത്തമകൻ ഉമ്മുമ്മൻ സ്ഥാപിച്ചതാണ് അടൂർ ശാഖ.

എ. ഡി. 1814 ൽ അടർ കണ്ണങ്കോട്ടു തറയിൽ തോട്ടത്തിൽ നിന്നുമാണ് ഉമ്മുമ്മൻ വിവാഹം കഴിച്ചത്. ഇവർക്ക് ചെറിയ, ഗീവർഗീസ്, ഇടിച്ചാണ്ടി എന്നീ മൂന്ന് ആൺമക്കൾ ഉണ്ടായിരുന്നു. ഉമ്മുമ്മന് സ്ത്രീധനമായി കിട്ടിയ 36 പറനിലവും ധാരാളം കരഭൂമികളും അന്വേഷിച്ചു നടത്തുന്നതിനുവേണ്ടി ചെറിയയും ഗീവർഗീസും കൊല്ലവർഷം 984 ൽ അടൂർ മേലേതിൽ താമസമാക്കി. ഇടിച്ചാണ്ടി മാവേലിക്കര പുത്തൻപുരയിലും താമസിച്ചു.

കൃശഗാത്രനെങ്കിലും സുമുഖനും അസാമാന്യ ബുദ്ധിമാനായിരുന്ന ചെറിയായും ഗുരുകുല സമ്പ്രദായ പ്രകാരം കുട്ടികളെ വിദ്യ അഭ്യസിപ്പിച്ചിരുന്ന പ്രഗത്ഭനായ ഗീവർഗീസും ചേർന്ന് അക്കാലത്ത് അടൂർ, കടമ്പനാട് മുതലായ പ്രദേശങ്ങളിൽ ക്രിസ്ത്യാനികൾക്കിടയിലുണ്ടായിരുന്ന വ്യവഹാരങ്ങൾ തീർത്തുകൊടുക്കുന്നതിൽ മുൻകയ്യെടുത്തിരുന്നു.

ഇങ്ങനെ ചെറിയായും ഗീവർഗീസും കുറെനാൾ അടൂർ മേലേതിൽ ഒന്നിച്ചു താമസിച്ചശേഷം ചെറിയാ മണക്കാലായിലേക്ക് താമസം മാറി. ചെറിയായുടെ പിൻതലമുറയാണ് മണക്കാലാ ഉപശാഖ; ഗീവർഗീസിൻറ പിൻതലമുറ മേലേതിൽ ഉപശാഖയും.

പുനരുദ്ധരിക്കപ്പെട്ട് 1974 ൽ പാറപ്പുറത്തു വച്ചു നടന്ന കുടുംബയോഗ ത്തിൽ അടൂർ ശാഖയിൽ നിന്നും 7 പേർ സംബന്ധിച്ചിരുന്നു. തുടർന്ന് 1975ലെ കുടുംബയോഗം മണക്കാലാ ശാഖയിൽ വച്ച് നടത്തുകയുണ്ടായി.

അടൂർ, മണക്കാല, പ്രദേശങ്ങളിലെ സാമൂഹ്യ രാഷ്ട്രീയ മേഖലകളിൽ നിർണ്ണായക ശക്തിയായി തീർന്നിട്ടുണ്ട് ഈ ശാഖ.